(ബി) ഹൈസ്കൂൾതലം വരെയുള്ള അൺ-എയ്ഡഡ് സ്കൂളുകളിൽ ആകെ 13949 അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. ഹയർ സെക്കന്ററി തലത്തിലെ വിവരം ലഭ്യമല്ല.

ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നടപടി

26 (3772) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡഡ്, ഗവൺമെന്റ് ഹൈസ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾ വീതം പഠിക്കുന്നുണ്ട് ;

(ബി) ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കാനായി ഇംഗ്ലീഷ് ഭാഷയിൽ ബിരുദവും ബി.എഡും യോഗ്യതയുള്ള എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് ;

(സി) തിരുവനന്തപുരം ജില്ലയിൽ ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് എച്ച്.എസ്.എ. മാരുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട് ;

(ഡി) ഇംഗ്ലീഷ് പാഠ്യരീതികളിലെയും ഇംഗ്ലീഷ് അദ്ധ്യാപക നിയമനത്തിലെയും അശാസ്ത്രീയതകളെയും അപാകതകളെയുംകുറിച്ച് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) 1643 അദ്ധ്യാപകരെ.

(സി) 38 ഒഴിവുകൾ.

(ഡി&ഇ) ഇംഗ്ലീഷ് ഭാഷാപഠന നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യം മുൻനിർത്തി സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 11/2002/പൊവിവ. തീയതി 7-1-2002 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ

27 (3773) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എയ്ഡഡ് മേഖലയിൽ ഹൈസ്കൂൾ മാത്രമുള്ള എത്ര സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly